ॐ



യസ്യാഹമനുഗൃഹ്ണാമി ഹരിഷ്യേ തദ്ധനം ശനൈഃ
തതോƒധനം ത്യജന്ത്യസ്യ സ്വജനാ ദുഃഖദുഃഖിതം **(10-88-8)**
സയദാ വിതഥോദ്യോഗോ നിർവ്വിണ്ണഃ സ്യാദ്ധനേഹയാ
മത്പരൈഃ കൃതമൈത്രസ്യ കരിഷ്യേമദനുഗ്രഹം **(10-88-39)**
തദ് ബ്രഹ്മ പരമം സൂക്ഷ്മം ചിൻമാത്രം സദനന്തകം
അതോ മാം സുദുരാരാധ്യം ഹിത്വാന്യാൻ ഭജതേ ജനഃ **(10-88-10)**

*പരീക്ഷിത്ത് രാജാവ് ചോദിച്ചു.*
എങ്ങിനെയാണ് പരമശിവനെപ്പോലുള്ള മറ്റു ദേവതകളിൽ ഭക്തരായവർക്ക് അഭിവൃദ്ധിയും ഭഗവാൻ ഹരിയിൽ ഭക്തരായിട്ടുള്ളവർക്ക് -അദ്ദേഹം സമ്പദൈശ്വര്യങ്ങൾക്കുടമയാണെങ്കിലും- ദാരിദ്ര്യദുരിതവും വന്നു ചേരുന്നത്?

*ശുകമുനി തുടർന്നു:*
ഭഗവാൻ ശിവൻ എപ്പോഴും ശക്തിയുമായി ചേർന്നിരിക്കുകമൂലം ത്രിഗുണാധീനമത്രെ. അഹങ്കാരത്തിനെ പ്രതിനിധാനം ചെയ്യുന്ന ദേവത അതുകൊണ്ട് അദ്ദേഹത്തെ പ്രീതിപ്പെടുത്തുന്നവർക്ക് ത്രിഗുണസംബന്ധിയായ വസ്തുക്കൾ നൽകുന്നു. എന്നാൽ ഭഗവാൻ ഹരി ഇതിനെല്ലാം അതീതൻ. അതിനാൽ എല്ലാ ലൗകീകലക്ഷ്യങ്ങളും ത്യജിച്ചാൽ മാത്രമെ അവിടുത്തെപൂജിക്കാൻ സാദ്ധ്യമാവൂ. അശ്വമേധയാഗത്തിനു ശേഷം കൃഷ്ണൻ യുധിഷ്ഠിരനോട് ഇപ്രകാരമാണ് അരുളി ചെയ്തത്. "ഞാൻ ആരെയെങ്കിലും അനുഗ്രഹിക്കാൻ ആഗ്രഹിച്ചാൽ കാലക്രമത്തിൽ അയാളുടെ സമ്പത്തിനെ നശിപ്പിക്കുന്നു. അങ്ങിനെ പാവം മനുഷ്യൻ ബന്ധുമിത്രാദികളാൽ ഉപേക്ഷിക്കപ്പെട്ട് എന്റെ ഭക്തരുമായുള്ള സഹവാസം കാംക്ഷിച്ച് സത്സംഗത്തിലേർപ്പെടുന്നു. അപ്പോൾ ഞാൻ എന്റെ ദയാവായ്പും മഹിമയും അവനിൽ ചൊരിയുന്നു. അങ്ങിനെ അയാൾ പരം പൊരുളിനെ സാക്ഷാൽക്കരിക്കുന്നു. ഇക്കാരണത്താലാണ് പലരും എന്നെ ഉപേക്ഷിച്ച് മറ്റു ദേവതകളെ ശരണം പ്രാപിക്കുന്നത്. എന്നാൽ അവരോ അഭീഷ്ടസാദ്ധ്യം കൈവന്ന ശേഷം ആ ദേവതകളെപ്പോലും മറന്നു കളയുന്നു."

പരമശിവൻ ക്ഷിപ്രപ്രസാദിയത്രെ. അത് പല അവസരത്തിലും അദ്ദേഹത്തിനു തന്നെ എതിരായിത്തീർന്നിട്ടുണ്ട്. പണ്ട് വൃകൻ എന്ന് പേരായ ഒരസുരൻ ഉണ്ടായിരുന്നു. പരമശിവൻ എളുപ്പത്തിൽ പ്രസാദിക്കപ്പെടും എന്ന് നാരദനിൽ നിന്നു മനസ്സിലാക്കിയ അയാൾ ശിവപ്രീതിക്കായി കഠിന തപസ്സിലേർപ്പെട്ടു. അവസാനം സ്വന്തം കൈകാലുകൾ വെട്ടി ശിവനർപ്പിക്കാനും തീരുമാനിച്ചു. സ്വന്തം ശിരസ് മുറിക്കാൻ തുനിയവേ ശിവൻ പ്രത്യക്ഷപ്പെട്ടു. ഇഷ്ടമുള്ള വരമേതും ചോദിക്കാൻ അനുമതിയും നൽകി. വൃകൻ പറഞ്ഞു. "എന്റെ കൈകൊണ്ട് ആരുടെ തലയിൽ തൊട്ടാലും അയാൾ അപ്പോൾ മരിക്കണം." ശിവൻ വരം നൽകി. പരമശിവന്റെ സഹധർമ്മിണിയായ പാർവ്വതിയിലാഗ്രഹം പൂണ്ട വൃകാസുരൻ വരമൊന്നു പരീക്ഷിച്ചു നോക്കാൻ അദ്ദേഹത്തിന്റെ പിറകേ പാഞ്ഞു. ശിവൻ എല്ലാ ലോകങ്ങളിലും പോയി രക്ഷപ്പെടാൻ ശ്രമിച്ച് അവസാനം വൈകുണ്ഠത്തിൽ ഭഗവാൻ ഹരിയുടെ സവിധമണിഞ്ഞു. ശിവനെ വിഷമഘട്ടത്തിൽ നിന്ന് രക്ഷിക്കാനായി ഭഗവാൻ ഒരു ബ്രഹ്മചാരിയുടെ വേഷത്തിൽ അസുരനെ തടഞ്ഞു നിർത്തി. "അങ്ങ് തീർച്ചയായും എന്തോ തിടുക്കത്തിൽ ഓടുകയാണല്ലോ. എന്താണിത്ര ധൃതി?" അസുരൻ കഥകളെല്ലാം വലിയ ഗർവ്വോടെ ബ്രാഹ്മണകുമാരനെ കേൾപ്പിച്ചു. ബ്രാഹ്മണൻ പൊട്ടിച്ചിരിച്ചു. "പരമശിവൻ ഭൂതപ്രേതപിശാചുക്കളുടെ നേതാവാണെന്ന് അങ്ങേക്കറിയില്ലേ? അയാളുടെ വാക്കിനെ ആരു വിശ്വസിക്കും? നിങ്ങൾക്ക് ശരിക്കും വരം ലഭിച്ചുവെന്നെനിക്ക് തോന്നുന്നില്ല. എന്നെ വിശ്വാസമില്ലെങ്കിൽ സ്വന്തം കൈ തലയിൽ വെച്ചൊന്നു പരീക്ഷിച്ചു നോക്കരുതോ?" ഭഗവാൻ വരുത്തിവച്ച ചിന്താക്കുഴപ്പത്തിനടിമപ്പെട്ട് വൃകൻ തലയിൽ കൈവച്ച് ഉടനേ മരിച്ചു വീഴുകയും ചെയ്തു. ഭഗവാൻ ഹരി ശിവനോട് പറഞ്ഞു. "തിൻമ ചെയ്യുന്നവനൊരിക്കലും സന്തോഷമുണ്ടാവുന്നില്ല. അങ്ങയെ നിന്ദിക്കുന്നവന് എങ്ങിനെ ഐശ്വര്യമുണ്ടാവാനാണ്?" ഈ കഥ പറയുകയോ കേൾക്കുകയോ ചെയ്താൽ സർവ്വശത്രുഭയങ്ങളും ഇല്ലാതാവുന്നതാണ്.